# സൂറ- 29 / അൽ അൻകബൂത്ത്

## സൂക്തം: 61-64

വായുവിന്റെയും വെള്ളത്തിന്റെയും കൈകാര്യകർത്താവ് അല്ലാഹു തന്നെയാണെന്ന് അറേബ്യൻ ബഹുദൈവവിശ്വാസികൾ മനസ്സിലാക്കിയിരുന്നു. മാനത്തുനിന്ന് മഴ പെയ്യിക്കുന്നതും ആ ജലത്താൽ മൃതമായി കിടന്ന ഭൂമിയെ സജീവമാക്കി സസ്യലതാദികൾ മുളപ്പിച്ചു വളർത്തുന്നതും ആരാണെന്നു ചോദിച്ചാൽ അതും അല്ലാഹു തന്നെയാണെന്ന് അവർ നിസ്സങ്കോചം പറയും. എന്നിട്ടും വിഭവ വിതരണത്തിന്റെ കർതൃത്വം മറ്റുള്ളവരിൽ ചാർത്തുകയും അവരെ ആരാധിക്കുകയും ചെയ്യുന്നു.



وَلَئِن سَأَلْتَهُم مَّنْ خَلَقَ السَّمَاوَاتِ وَالْأَرْضَ وَسَخَّرَ الشَّمْسَ
وَالْقَمَرَ لَيَقُولُنَّ اللَّهُ فَأَنَّىٰ يُؤْفَكُونَ ﴿٦١﴾

61. ആകാശഭൂമികളെ സൃഷ്ടിച്ചതും സൂര്യചന്ദ്രന്മാരെ ആജ്ഞാനുവർത്തികളാക്കിയതും ആരെന്ന ചോദിക്കുകയാണെങ്കിൽ തീർച്ചയായും അവർ പറയും, അല്ലാഹു എന്ന്. എന്നിട്ടും എങ്ങനെയാണവർ വ്യതിചലിപ്പിക്കപ്പെടുന്നത്?

**61**

وَلَئِن سَأَلْتَهُم = നീ അവരോട് ചോദിച്ചെ(ക്കുകയാണെ)ങ്കിൽ

مَّنْ خَلَقَ السَّمَاوَاتِ وَالْأَرْضَ = ആകാശഭൂമികളെ സൃഷ്ടിച്ചത് ആരെന്ന്

وَسَخَّرَ الشَّمْسَ وَالْقَمَرَ = സൂര്യചന്ദ്രന്മാരെ വിധേയമാക്കിയതും (ആജ്ഞാനുവർത്തികളാക്കിയതും) ആരെന്ന്

لَيَقُولُنَّ اللَّهُ = തീർച്ചയായും അവർ പറയും: അല്ലാഹു (എന്ന്)

فَأَنَّىٰ يُؤْفَكُونَ = എന്നിട്ടും എങ്ങനെയാണവർ വ്യതിചലിപ്പിക്കപ്പെടുന്നത്?

മുൻ സൂക്തങ്ങൾ വിശ്വാസികൾ അല്ലാഹുവിൽ മാത്രം ഭരമേൽപിക്കണമെന്നും അവന്റെ മാർഗത്തിൽ തന്നെ ജീവിച്ചു മരിക്കണമെന്നും ഉപദേശിക്കുകയായിരുന്നുവല്ലോ. തുടർന്ന് ഏതാനും സൂക്തങ്ങളിൽ അതിന്റെ ന്യായങ്ങൾ ഉണർത്തുകയാണ്. പരമമായ കൂറും വിധേയത്വവും ആത്മസർപ്പണവും അർഹിക്കുന്ന അസ്തിത്വം അല്ലാഹുവല്ലാതെ മറ്റൊന്നുമില്ല എന്നത്, ദൈവത്തിന് പങ്കാളികളെയും സഹകാരികളെയും സങ്കൽപിച്ച് ആരാധിച്ചുകൊണ്ടിരിക്കുന്നവർക്കു പോലും നിഷേധിക്കാനാവാത്ത സുസമ്മതമായ യാഥാർഥ്യമാകുന്നു. നിങ്ങൾ അവരോടൊന്നു ചോദിച്ചുനോക്കുക: പ്രപഞ്ചത്തെ സൃഷ്ടിച്ചതും സൂര്യചന്ദ്രന്മാരെ ആജ്ഞാനുവർത്തികളാക്കി പ്രവർത്തിപ്പിക്കുന്നതും ആരാണ്? കീഴ്പ്പെടുത്തലും വിധേയമാക്കലും ആജ്ഞാനുവർത്തിയായി പ്രവർത്തിപ്പിക്കലുമാണ് تسخير. അല്ലാഹു കർത്താവായി വരുമ്പോൾ ഇതുതന്നെയാണ് ഈ പദത്തിന്റെ ആശയം.

എന്നാൽ سخّر لكم അവൻ നിങ്ങൾക്ക് - മനുഷ്യർക്ക് - تسخير ചെയ്തുതന്നു എന്നു പറയുമ്പോൾ അർഥം മനുഷ്യ ജീവിതത്തിന്റെ താൽപര്യങ്ങൾക്ക് വിധേയമായി പ്രവർത്തിക്കുന്ന വിധത്തിൽ സ്ഥാപിച്ചിരിക്കുന്നു എന്നാകുന്നു. ഇവിടെ ഉന്നയിക്കപ്പെട്ട ചോദ്യത്തിനു അറേബ്യൻ വിഗ്രഹാരാധകരുടെ നിസ്സങ്കോചമായ മറുപടി അത് അല്ലാഹു തന്നെ എന്നായിരിക്കും. കാരണം തങ്ങൾ പൂജിച്ചുകൊണ്ടിരിക്കുന്ന ദേവീദേവന്മാരാരും ആകാശഭൂമികളുടെയും സൂര്യചന്ദ്രാദി ഗോളങ്ങളുടെയും സ്രഷ്ടാക്കളാണെന്ന് അവർ വിശ്വസിച്ചിരുന്നില്ല. അഖിലാണ്ഡ സ്രഷ്ടാവും പാലകനും ഏകനായ അല്ലാഹു മാത്രമാണെന്ന ഇബ്റാഹീമീ അധ്യാപനം അനിഷേധ്യമായ പൈതൃക വിശ്വാസമായി അവരുടെ മനസ്സിന്റെ അടിത്തട്ടിൽ കിടക്കുന്നുണ്ടായിരുന്നു. പക്ഷേ പിന്നീട് അവർ തന്നെ നിർമിച്ചു സ്ഥാപിച്ച വിഗ്രഹങ്ങളോടുള്ള ഭ്രമം അവയൊക്കെ സാക്ഷാൽ ദൈവത്തിന്റെ ഉറ്റവരും പാർശ്വവർത്തികളും തങ്ങൾ

ക്കു വേണ്ടതൊക്കെ അല്ലാഹുവിൽനിന്ന് തരപ്പെടുത്തിത്തരാൻ കഴിവുള്ളവരുമാണെന്ന സങ്കൽപത്തിലേക്ക് അവരെ നയിച്ചു. അഖിലാണ്ഡത്തിന്റെ സ്രഷ്ടാവും പാലകനും ഏകനായ അല്ലാഹുവാണെങ്കിൽ പൂജയും പ്രാർഥനയും അവനല്ലാത്തവർക്ക് സമർപ്പിക്കുകയും ആർത്തത്രാണനവും അനുഗ്രഹദാനവും അവരിൽനിന്ന് പ്രതീക്ഷിക്കുകയും ചെയ്യുന്നതിലെന്തർഥം? സ്വയം സമ്മതിച്ച സത്യത്തിന്റെ നിഷേധമാണല്ലോ ഈ നടപടി. ഈ വൈരുധ്യത്തിൽ അത്ഭുതം കൂറുകയാണ് فَأَنَّىٰ يُؤْفَكُونَ എന്ന വാക്യം. إفك-ൽനിന്നുള്ള ക്രിയയാണ് يأفك. കള്ളം ചമക്കുക, കൃത്രിമം കാട്ടുക, തെറ്റിക്കുക, വഞ്ചിക്കുക എന്നൊക്കെ إفك-ന് അർഥമുണ്ട്. 'എങ്ങനെയാണവർ വഞ്ചിക്കപ്പെടുന്നത്' എന്നും ഈ വാക്യം തർജമ ചെയ്യാറുണ്ട്. ●

---

اللَّهُ يَبْسُطُ الرِّزْقَ لِمَن يَشَاءُ مِنْ عِبَادِهِ وَيَقْدِرُ لَهُ ۚ إِنَّ اللَّهَ بِكُلِّ شَيْءٍ عَلِيمٌ ﴿٦٢﴾

62. തന്റെ ദാസന്മാരിൽ താനിഛിക്കുന്നവർക്ക് വിഭവം വിപുലീകരിച്ചും ചുരുക്കിയും കൊടുക്കുന്നത് അല്ലാഹു തന്നെയാകുന്നു. അല്ലാഹു സകല സംഗതിയും ഏറെ അറിയുന്നവനല്ലോ.

**62**

اللَّهُ يَبْسُطُ الرِّزْقَ لِمَن يَشَاءُ = അല്ലാഹു (തന്നെയാകുന്നു) അവനിഛിക്കുന്നവന് വിഭവം വിപുലമാക്കുന്നു (വിപുലീകരിച്ചും)

مِنْ عِبَادِهِ = അവന്റെ ദാസന്മാരി(ർക്ക്)ൽനിന്ന്

وَيَقْدِرُ لَهُ = അവന് (അവനിഛിക്കുന്നവന്) ചുരുക്കുന്നു (ചുരുക്കിയും കൊടുക്കുന്നത്)

إِنَّ اللَّهَ بِكُلِّ شَيْءٍ عَلِيمٌ = തീർച്ചയായും അല്ലാഹു സകല സംഗതിയും ഏറെ അറിയുന്നവനല്ലോ

പ്രപഞ്ച സ്രഷ്ടാവും പാലകനും അല്ലാഹു-പരമേശ്വരൻ ആണെങ്കിലും മനുഷ്യർക്ക് ജീവിത വിഭവങ്ങളും സുഖസൗഭാഗ്യങ്ങളും വിതരണം ചെയ്യുന്നത് അവന്റെ പങ്കാളികളും ഉപദൈവങ്ങളുമാണ്. അവരുടെ പ്രീതിക്കു പാത്രമാകുന്നവർ സമ്പന്നരും സൗഭാഗ്യവാന്മാരുമാകുന്നു. അല്ലാത്തവർ ദൗർഭാഗ്യവാന്മാരും ദരിദ്രരും. അതുകൊണ്ട് ഞങ്ങൾ ബഹുദൈവങ്ങളെ പൂജിച്ചു പ്രസാദിപ്പിക്കുകയാണ്. ഇതായിരുന്നു അറേബ്യൻ ബഹുദൈവ വിശ്വാസികളുടെ നിലപാട്. ലോകത്തുള്ള ഏതാണ്ടെല്ലാ ബഹുദൈവാരാധകരുടെയും നിലപാട് ഇതുതന്നെയാണ്. ബഹുദൈവ വിശ്വാസികൾ മാത്രമല്ല, ഏക ദൈവവിശ്വാസത്തിലധിഷ്ഠിതമായ മതങ്ങളിൽ നിലകൊള്ളുന്ന ചില വിഭാഗങ്ങളിലും, എന്തിനേറെ മുസ്‌ലിം സമുദായത്തിൽ വരെ ഈ ന്യായമുയർത്തി സ്തുതികീർത്തനങ്ങൾ പാടിയും നേർച്ച വഴിപാടുകളർപ്പിച്ചും, പുണ്യാത്മാക്കളെയും സിദ്ധന്മാരെയും പൂജിക്കുന്നവർ ധാരാളമുണ്ട്. ഈ വാദത്തെ നിഷേധിക്കുകയാണിവിടെ. സമ്പത്തും സൗഭാഗ്യങ്ങളും ചിലർക്ക് സമൃദ്ധമായി നൽകുന്നതും ചിലർക്ക് പരിമിതമാക്കുന്നതും അല്ലാഹു തന്നെയാണ്. ക്രിയക്ക് (يَبْسُطُ) മുമ്പ് കർത്താവിനെ (اللَّهُ) പറയുമ്പോൾ അവൻ തന്നെയാണ് അല്ലെങ്കിൽ മാത്രമാണ് എന്നർഥം ഉൽപാദിതമാകുന്നു. അതായത്, വിഭവ വിതരണം അല്ലാഹു തന്നെയാണ് നടത്തുന്നത്. അവനല്ലാത്ത മറ്റാരും അത് ചെയ്യുന്നില്ല. അവൻ മാത്രമാണത് ചെയ്യാൻ കഴിവുള്ളവൻ. മറ്റാർക്കും അതിനു സാധ്യമല്ല. അവനുദ്ദേശിക്കുന്നവർക്കാണത് കൂട്ടിയും കുറച്ചും നൽകുന്നത്. മറ്റാരെങ്കിലും നിർദേശിക്കുന്നവർക്കോ ശിപാർശ ചെയ്യുന്നവർക്കോ അല്ല. ആർക്കു നൽകണം, എപ്പോൾ നൽകണം, എന്തു നൽകണം, എത്ര നൽകണം എന്നൊക്കെ അവനു തന്നെ കൃത്യമായി അറിയാം. ആരുടെയും അഭിപ്രായവും നിർദേശവും അവനാവശ്യമില്ല. ആകാശഭൂമികൾ സൃഷ്ടിക്കുകയും സൂര്യചന്ദ്രന്മാരെ മനുഷ്യന്റെ സേവകരാക്കി ചരിപ്പിക്കുകയും ചെയ്ത അല്ലാഹുവിന് തന്റെ ഖജനാവുകൾ കൈകാര്യം ചെയ്യാൻ മറ്റാരെയെങ്കിലും ഏൽപിക്കേണ്ട കാര്യമില്ല.

ജീവിതത്തിനാവശ്യമായ എല്ലാ വിഭവങ്ങളെയും ഉൾക്കൊള്ളുന്ന പദമാണ് رزق . പദാർഥ വിഭവങ്ങൾക്കു പുറമെ ബുദ്ധി, വിവേകം, വിവേചനശക്തി, വിവിധ തരം പ്രതിഭകൾ, കായികശേഷി തുടങ്ങിയവയെല്ലാം رزق-ൽ പെടുന്നു. اللهمّ ارزقني علما نافعا وعملا متقبّلا (അല്ലാഹുവേ എനിക്ക് പ്രയോജനകരമായ ജ്ഞാനവും നിന്റെയടുക്കൽ സ്വീകാര്യമായ കർമവും നൽകേണമേ) എന്നത് സുപരിചിതമായ പ്രാർഥനയാണല്ലോ. അല്ലാഹു എല്ലാ വിഭവങ്ങളും വിതരണം ചെയ്യുന്നത് തുല്യമായിട്ടല്ല. ചിലർക്ക് സമ്പത്ത് വർധിപ്പിച്ചു നൽകുന്നു. ചിലർക്ക് ബുദ്ധിയും വിജ്ഞാനവുമാണധികം നൽകുന്നത്. വേറെ ചിലർക്ക് കായികശേഷി കൂടുതൽ കൊടുക്കുന്നു. ഇനിയും ചിലർക്ക് സർഗാത്മക പ്രതിഭകൾ നൽകുന്നു. എല്ലാവർക്കും എല്ലാ വിഭവങ്ങളും ഒരുപോലെയുണ്ടായാൽ സ്വാതന്ത്ര്യവും വ്യക്തിത്വവും നിരർഥകമാകും. തടാകത്തിലെ ജലകണങ്ങൾ പോലെയാകും മനുഷ്യന്റെ അവസ്ഥ. തടാകത്തിലെ ഒരു തുള്ളി വെള്ളം പോലെ തന്നെയാണല്ലോ അതിലെ മുഴുവൻ ജലവും. എല്ലാ വിശിഷ്ട വിഭവങ്ങളും മനുഷ്യ വർഗത്തിന്റെ സൗകര്യത്തിനും വികാസത്തിനും ആവശ്യമാണ്. ചിലരുടെ മികവുകൾ മറ്റു ചിലരുടെ കുറവുകൾ പരിഹരിക്കണം.അതാണ് സഹകരണവും സാമൂഹിക ബന്ധങ്ങളും സാധ്യമാകുന്ന സംവിധാനം. വിഭവങ്ങൾ എല്ലാവർക്കും ഒരേ പരിമാണത്തിൽ വിതരണം ചെയ്യാതെ പലർക്കും പലയിനം വിഭവങ്ങൾ പല പരിമാണത്തിൽ വിതരണം ചെയ്യുന്നതാണ് ബോധപൂർമായ സമത്വവും സാഹോദര്യവും സൃഷ്ടിക്കാൻ പ്രചോദനമാകു

ന്നത്. ഈ വിഷയത്തിൽ കൂടുതൽ വിശദീകരണം ആവശ്യമുള്ളവർ *ഖുർആൻ ബോധനം* സൂറ *അൽഇസ്രാഅ്* 30-ാം സൂക്തത്തിനു താഴെ നോക്കുക. ●

---

وَلَئِن سَأَلْتَهُم مَّن نَّزَّلَ مِنَ السَّمَاءِ مَاءً فَأَحْيَا بِهِ الْأَرْضَ مِن بَعْدِ مَوْتِهَا لَيَقُولُنَّ اللَّهُ قُلِ الْحَمْدُ لِلَّهِ بَلْ أَكْثَرُهُمْ لَا يَعْقِلُونَ ﴿٦٣﴾

63. മാനത്തുനിന്ന് മഴയിറക്കുന്നതും എന്നിട്ട് മൃതമായി കിടന്ന ഭൂമിയെ അതുകൊണ്ട് സജീവമാക്കുന്നതും ആരെന്നു ചോദിച്ചാൽ അതും അല്ലാഹു എന്നുതന്നെ അവർ പറയും. നീ അൽഹംദു ലില്ലാഹ് എന്നു പറയുക. പക്ഷേ അവരിലധികമാളുകളും ബുദ്ധിപൂർവം യാഥാർഥ്യം ഗ്രഹിക്കുന്നില്ല.

**63**

وَلَئِن سَأَلْتَهُم = നീ അവരോട് ചോദിച്ചെ(ക്കുകയാണെ)ങ്കിൽ

مَّن نَّزَّلَ مِنَ السَّمَاءِ مَاءً = മാനത്തുനിന്ന് മഴയിറക്കിയത്(ക്കുന്നതും) ആരെന്ന്

فَأَحْيَا بِهِ الْأَرْضَ مِن بَعْدِ مَوْتِهَا = എന്നിട്ടതുകൊണ്ട് മൃതമായി കിടന്ന ഭൂമിയെ സജീവമാക്കിയതും(ക്കുന്നതും ആരെന്ന്)

لَيَقُولُنَّ اللَّهُ = അവർ അല്ലാഹു എന്നു പറയും (അതും അല്ലാഹു എന്നു തന്നെ അവർ പറയും)

قُلِ الْحَمْدُ لِلَّهِ = നീ പറയുക: സർവ സ്തുതിയും അല്ലാഹുവിനാകുന്നു (നീ അൽഹംദു ലില്ലാഹ് എന്നു പറയുക)

بَلْ = പക്ഷേ أَكْثَرُهُمْ = അവരിലധികമാളുകൾ لَا يَعْقِلُونَ = ബുദ്ധിപൂർവം (യാഥാർഥ്യം) ഗ്രഹിക്കുന്നില്ല

വായുവിന്റെയും വെള്ളത്തിന്റെയും കൈകാര്യകർത്താവ് അല്ലാഹു തന്നെയാണെന്ന് അറേബ്യൻ ബഹുദൈവവിശ്വാസികൾ മനസ്സിലാക്കിയിരുന്നു. മാനത്തുനിന്ന് മഴ പെയ്യിക്കുന്നതും ആ ജലത്താൽ മൃതമായി കിടന്ന ഭൂമിയെ സജീവമാക്കി സസ്യലതാദികൾ മുളപ്പിച്ചു വളർത്തുന്നതും ആരാണെന്നു ചോദിച്ചാൽ അതും അല്ലാഹു തന്നെയാണെന്ന് അവർ നിസ്സങ്കോചം പറയും. എന്നിട്ടും വിഭവ വിതരണത്തിന്റെ കർതൃത്വം മറ്റുള്ളവരിൽ ചാർത്തുകയും അവരെ ആരാധിക്കുകയും ചെയ്യുന്നു. ഇതും വലിയ വൈരുധ്യമാകുന്നു. യഥാർഥ അനുഗ്രഹ ദാതാവ് അല്ലാഹു മാത്രമാണെങ്കിൽ ആ അനുഗ്രഹങ്ങളനുഭവിക്കുന്നവരുടെ കൂറിനും നന്ദിക്കുമുള്ള ഏക അവകാശിയും അവൻ തന്നെയാണ്. ഈ നന്ദിയും കൂറുമാണല്ലോ ഇബാദത്തിന്റെ പ്രഥമ പ്രചോദനം. പക്ഷേ അധിക ജനവും ലളിതമായ ഈ യാഥാർഥ്യം മനസ്സിലാക്കാൻ കൂട്ടാക്കുന്നില്ല.

ഈ സൂക്തത്തിലെ قُلِ الْحَمْدُ لِلَّهِ എന്ന ഇടവാക്യത്തിനു രണ്ടു താൽപര്യങ്ങളാവാം: 1). മുകളിൽ പറഞ്ഞതുപോലെ പ്രപഞ്ചത്തിന്റെ സ്രഷ്ടാവും പാലകനും മനുഷ്യർക്കാവശ്യമുള്ള വിഭവങ്ങളെല്ലാം നൽകിക്കൊണ്ടിരിക്കുന്നവനും അല്ലാഹുവാണെങ്കിൽ ആ അല്ലാഹുവാകുന്നു സൃഷ്ടികളുടെ സർവ സ്തുതിയും അർഹിക്കുന്നത്. മനസ്സാ വാചാ കർമണാ ഉള്ള സ്തുതിയാണ് ഇബാദത്ത്. 2). ഒരു നല്ല കാര്യം സാധിച്ചാൽ അതിലുള്ള സന്തോഷവും അല്ലാഹുവിനോടുള്ള നന്ദിയും പ്രകടിപ്പിക്കാൻ വിശ്വാസികൾ 'അൽഹംദു ലില്ലാഹ്' എന്നു പറയാറുണ്ട്. ഇവിടെ പ്രവാചക സന്ദേശത്തിന്റെ മൗലികഘടകം അവിശ്വാസികൾ സ്വയം സമ്മതിച്ചിരിക്കുകയാണല്ലോ. അതു കേട്ട് അത്രയും കാര്യങ്ങൾ നിങ്ങൾ സമ്മതിച്ചല്ലോ; അൽഹംദു ലില്ലാഹ് എന്നു പറയുകയാണ്. ●

وَمَا هَٰذِهِ الْحَيَاةُ الدُّنْيَا إِلَّا لَهْوٌ وَلَعِبٌ ۚ وَإِنَّ الدَّارَ الْآخِرَةَ لَهِيَ الْحَيَوَانُ ۚ لَوْ كَانُوا يَعْلَمُونَ ﴿٦٤﴾

64. ഈ ഐഹിക ജീവിതം ഒരു കളിതമാശയല്ലാതൊന്നുമല്ല. പരലോകഭവനത്തിലാകുന്നു സാക്ഷാൽ ജീവിതം. ഇക്കൂട്ടർ അറിഞ്ഞിരുന്നുവെങ്കിൽ!

**64**

وَمَا هَٰذِهِ الْحَيَاةُ الدُّنْيَا = ഈ ഐഹിക ജീവിതം إِلَّا لَهْوٌ = ഒരു കളിയ(ും)ല്ലാതെ
وَلَعِبٌ = ഒരു തമാശയും (അല്ലാതെ ഒന്നുമല്ല) وَإِنَّ الدَّارَ الْآخِرَةَ = പരലോക ഭവനം (നത്തിൽ) ആകുന്നു
لَهِيَ = അതു തന്നെയാകുന്നു الْحَيَوَانُ = സാക്ഷാൽ ജീവിതം
لَوْ كَانُوا يَعْلَمُونَ = അവർ (ഇക്കൂട്ടർ) അറിഞ്ഞിരുന്നുവെങ്കിൽ

മനുഷ്യന് രണ്ടുതരം ജീവനും ജീവിതവും ഉണ്ട്. ഒന്ന്, ഭൗതിക ജീവിതം. ഇത് സസ്യങ്ങൾക്കും തിര്യക്കുകൾക്കും ഉള്ളതാണ്. മരണത്തോടെ ഇത് അവസാനിക്കുന്നു. രണ്ട്, ആത്മീയ ജീവനും ജീവിതവും. ഇത് ഭൂമിയിൽ മനഷ്യർക്കു മാത്രമുള്ളതാണ്. മനുഷ്യൻ മരിച്ചാലും ആത്മാവ് നിലനിൽക്കുന്നു. ഇഹലോക ജീവിതം حياة الدنيا താഴ്ന്ന ജീവിതമാണ്. ഈ പ്രയോഗം തന്നെ ഉയർന്നൊരു ജീവിതം حياة الأعلى വേറെ ഉണ്ടെന്ന് സൂചിപ്പിക്കുന്നു. ആ ഉന്നത ജീവിതമാണ് പരലോക ജീവിതം. ജീവനുള്ള എല്ലാറ്റിനും പറയുന്ന പദമാണ് حيوان. ഇവിടെ ഈ പദം കൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത് ഉന്നതവും അനശ്വരവുമായ ആത്മീയ ജീവിതമാണ്. ദൈവവിശ്വാസം, സത്യസന്ധത, മൂല്യബോധം, ധർമനിഷ്ഠ തുടങ്ങിയവ ആത്മാവിന്റെ കാമനകളാണ്. ആഹാര നീഹാരാദികളും മറ്റു ജഡിക സുഖഭോഗങ്ങളും ഭൗതിക ജീവിതത്തിന്റെയും. ഭൂമിയിലെ മനുഷ്യൻ രണ്ടു ജീവിതങ്ങളും ഒരുമിച്ചു ജീവിക്കേണ്ടവനാണ്. ആത്മാവിനു വേണ്ടി ശരീരത്തെ പൂർണമായി അവഗണിച്ചാൽ ഭൗതിക ജീവിതം നഷ്ടമാകും. ജഡികസുഖങ്ങളിലാസക്തനായി ആത്മീയ ജീവിതത്തെ അവഗണിച്ചാൽ ആത്മാവ് മൃതാവസ്ഥയിലാകും. മൃതപ്രായത്തിലാകുന്ന ആത്മാവിനെ സജീവമാക്കുന്നതിനു വേണ്ടിയാണ് അല്ലാഹു വേദങ്ങളവതരിപ്പിച്ചതും പ്രവാചകന്മാരെ നിയോഗിച്ചതും. അതേപ്പറ്റി ഖുർആൻ പറഞ്ഞു:

يَا أَيُّهَا الَّذِينَ آمَنُوا اسْتَجِيبُوا لِلَّهِ وَلِلرَّسُولِ إِذَا دَعَاكُمْ لِمَا يُحْيِيكُمْ

(അല്ലയോ വിശ്വസിച്ചവരേ, നിങ്ങളെ ജീവിപ്പിക്കുന്ന സന്ദേശത്തിലേക്ക് വിളിക്കുമ്പോൾ നിങ്ങൾ അല്ലാഹുവിനും റസൂലിനും ഉത്തരം കൊടുക്കുക). ജീവിച്ചിരിക്കുന്നവരെ ജീവിപ്പിക്കുന്ന ജീവിതം പരലോകത്തേക്ക് നീളുന്ന ആത്മീയ ജീവിതമാണെന്ന് സ്പഷ്ടമാകുന്നു.

അവിശ്വാസികളുടെ മാർഗച്യുതിയുടെ അടിസ്ഥാന കാരണത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുകയാണ്. നശ്വരമായ ഭൗതിക ജീവിതത്തിന്റെ ക്ഷണിക കൗതുകങ്ങൾ, അതിനപ്പുറമുള്ള ഒന്നിനെക്കുറിച്ചും ചിന്തിക്കാനാവാത്ത വണ്ണം ഇക്കൂട്ടരെ ഭ്രമിപ്പിച്ചിരിക്കുന്നു. എന്നാൽ അവരെ മോഹിപ്പിക്കുന്ന ഈ ഭൗതികജീവിതം ഏതാനും നാളത്തെ കളിതമാശയിൽ കവിഞ്ഞ് ഒന്നുമല്ല. لعب-ഉം لهو-ഉം പര്യായപദങ്ങളാണെങ്കിലും ആശയത്തിൽ ചെറിയ വ്യത്യാസമുണ്ട്. കായികമായ കളിവിനോദങ്ങൾക്കാണ് لعب അധികം ഉപയോഗിക്കുക. കളികളിൽ കാര്യവും ഉണ്ടാവാം. നർമത്തിനും തമാശക്കും അലക്ഷ്യമായ ആവിഷ്കാരങ്ങൾക്കുമാണ് لهو അധികം ഉപയോഗിക്കാറുള്ളത്. لعب-നെ അപേക്ഷിച്ച് لهو-ൽ ഉദ്ദേശ്യരാഹിത്യത്തിന്റെ അല്ലെങ്കിൽ ദുരുദ്ദേശ്യത്തിന്റെയും അർഥശൂന്യതയുടെയും ആശയം കൂടുതലുണ്ട്. അസ്സൽ ജീവിതം പാരത്രിക ജീവിതമാണ്. വീട്ടിൽനിന്ന്, സ്കൂളിൽനിന്ന് കുട്ടികളെ കളിക്കാൻ വിടുന്ന പോലെ ക്ഷണികമാണത്. അൽപ നേരത്തെ കളി കഴിഞ്ഞ് കുട്ടികൾ വീട്ടിലേക്കു തന്നെ തിരിച്ചുപോകേണ്ടതാണ്. ഏതു കളിയും സുഗമമായി നടക്കാൻ കളിക്കാർ കുറേ നിയമങ്ങളും വ്യവസ്ഥകളും പാലിക്കേണ്ടതുണ്ട്. പാലിച്ചില്ലെങ്കിൽ വീട്ടിൽ, ക്ലാസ്സിൽ തിരിച്ചെത്തുമ്പോൾ വിചാരണ ചെയ്യപ്പെടും. വീട്ടിൽ, ക്ലാസ്സിൽ തിരിച്ചെത്തേണ്ട കാര്യം മറന്ന് കളിക്കുന്നതുപോലെയാണ് പരലോകം മറന്ന് ഇഹലോകത്ത് ജീവിക്കുന്നത്. പാരത്രിക വിജയം ലക്ഷ്യമാക്കി ജീവിക്കുമ്പോഴാണ് ഇഹലോക ജീവിതം വിലപ്പെട്ടതും കാര്യഗൗരവമുള്ളതുമാകുന്നത്. അപ്പോൾ ക്ഷണികമായ ഭൗതിക ജീവിതത്തിലൂടെ അനശ്വരമായ സൗഭാഗ്യ ജീവിതം കരഗതമാകുന്നു. ഈ ലക്ഷ്യം ദൃഷ്ടിയിൽനിന്ന് മാഞ്ഞുപോയാൽ പിന്നെ ഭൗതിക ജീവിതം നിരർഥകമായ കളിതമാശ മാത്രമായിത്തീരുന്നു. നിത്യമായ ദൗർഭാഗ്യവും ദുരിതവുമായിരിക്കും അതിന്റെ ഫലം. അവർ അറിയുന്നവരായെങ്കിൽ- لَوْ كَانُوا يَعْلَمُونَ- ന്റെ ആശയം ഇതാണ്: ജീവിതത്തിന്റെ അർഥവും ലക്ഷ്യവും മനസ്സിലാക്കുന്നവർക്ക് അസ്സൽ ജീവിതം പാരത്രിക ജീവിതമാണെന്ന യാഥാർഥ്യം ബോധ്യമാകും. ഭൗതിക സുഖഭോഗങ്ങൾക്കു പിമ്പേ അന്ധമായി പായുന്നവർ ഭൗതിക ജീവിതം തന്നെ അസ്സൽ ജീവിതമെന്ന് ഭ്രമിക്കുന്നു.

●